# വി. വില്ല്യമിന്റെ
# ജീവചരിത്ര സംക്ഷേപം

പതിനൊന്നാം നൂറ്റാണ്ടിന്റെ അവസാനത്തിൽ, ഹെന്റി ഒന്നാമൻ രാജാവിന്റെ ചാൻസലറും, ഖജാൻജിയുമായിരുന്ന ഹെർബർട്ട്, ഭാര്യ എമ്മ എന്നിവരുടെ മകനായി വില്ല്യം ജനിച്ചു. രാജഭരണത്തിൽ പിതാവിന്റെ സ്വാധീനം വളരെ ചെറുപ്പത്തിൽ തന്നെ പല സ്ഥാനമാനങ്ങളും വില്ല്യമിന് നേടിക്കൊടുത്തു. എന്നാൽ വില്ല്യം അതിലൊന്നും സംപ്രീതനായില്ല. യേശുവിനോടും സഭയോടും ആത്മാർത്ഥ സ്നേഹം പുലർത്തിയിരുന്ന വില്ല്യം പൗരോഹിത്യം സ്വീകരിക്കുകയും പിന്നീട് മെത്രാൻ ആവുകയും ചെയ്തു. 1141 ൽ യോർക്കിന്റെ ആർച്ച് ബിഷപ്പ് പദവിക്ക് അദ്ദേഹം അർഹനായി. അജഗണത്തിന് വളരെ സ്വീകാര്യനായിരുന്നു ആർച്ച് ബിഷപ്പ് വില്ല്യം.

1154 ജൂൺ 8 ന് അദ്ദേഹം മരണ മടഞ്ഞു. വി.കുർബാനയിൽ ഉപയോഗിക്കുന്ന വീഞ്ഞിൽ ശത്രുക്കളാരോ കലർത്തിയ വിഷം ഉള്ളിൽ ചെന്നാണ് അദ്ദേഹം മരിച്ചത്. സംസ്ക്കരിച്ച

തിനുശേഷം ഏതാനും മാസങ്ങൾക്കുള്ളിൽ അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥംവഴി ധാരാളം അത്ഭുതങ്ങൾ സംഭവിക്കുകയും ശവകുടീര ത്തിൽ നിന്ന് സുഗന്ധം പരക്കുകയും ചെയ്തു. പിന്നീടുണ്ടായ വലിയ തീപിടുത്തത്തിൽ ശവകുടീരം കത്തിച്ചാമ്പലായെങ്കിലും അഴുകാ തെയും അഗ്നി വിഴുങ്ങാതെയുമുള്ള മൃത ശരീരമാണ് എല്ലാവരും കണ്ടത്. 1227ൽ ഹോണേരിയൂസ് മൂന്നാമൻ പാപ്പ ആർച്ച് ബിഷപ്പ് വില്ല്യമിനെ വിശുദ്ധരുടെ ഗണത്തിലേക്ക് ഉയർത്തി. മരണ ദിവസമായ ജൂൺ 8 തിരുനാൾ ദിനമായി ആഘോഷിക്കുന്നു.

ഈ വിശുദ്ധന്റെ നാമധേയത്തിലുള്ള ഇന്ത്യയിലെ ഏക ദേവാലയമാണ് ഇത്.1983 ൽ സ്ഥാപിതമായ പഴയ ദേവാലയത്തിന്റെ നിർമ്മാണത്തിനാവശ്യമായ ഏകദേശം മുഴുവൻ തുകയും സംഭാവനയായി നൽകിയ വിദേശ വനിത ആവശ്യപ്പെട്ടതിൻ പ്രകാരമാണ് ഈ ദേവാലയത്തിന് വി. വില്ല്യമിന്റെ പേര് ലഭിച്ചത്.

പ്രസ്തുത വ്യക്തിക്ക് വിശുദ്ധന്റെ മാദ്ധ്യസ്ഥം വഴി ലഭിച്ച അനുഗ്രഹങ്ങൾക്ക് പ്രതിനന്ദി യായിട്ടാണ് അവർ ഈ പേര് അന്നത്തെ മെത്രാനായിരുന്ന അഭിവന്ദ്യ ജോസഫ് ഇരിമ്പൻ പിതാവിനോട് നിർദ്ദേശിച്ചതും അദ്ദേഹം അത് സമ്മതിച്ചതും. ഈ മലയോര മേഖലയിൽ ബഹുപൂരിപക്ഷം വരുന്ന സാധാരണ കർഷകരുടെ മാത്രം അദ്ധ്വാനംകൊണ്ട് സാധ്യമല്ലാതിരുന്ന ഒരു പുതിയ ദേവാലയവും അനുബന്ധകെട്ടിടങ്ങളും സാധ്യമാക്കി തന്നത് വി. വില്ല്യമിന്റെ മാധ്യസ്ഥം ആണെന്ന് ജനം ഉറച്ച് വിശ്വസിക്കുന്നു. വിശുദ്ധന്റെ മാധ്യസ്ഥം വഴിയായി വിശ്വാസികളിൽ പലർക്കും ധാരാളം അനുഗ്രഹങ്ങൾ ലഭിച്ചിട്ടുണ്ട്. വ്യാഴാഴ്ചകളിൽ രാവിലെ വി. കുർബാനയോടനുബന്ധിച്ചാണ് ദേവാലയത്തിൽ വിശുദ്ധന്റെ നൊവേന ചൊല്ലുന്നതും മാധ്യസ്ഥം യാചിക്കുന്നതും. നമുക്കും വിശുദ്ധ വില്ല്യമിനോട് പ്രാർത്ഥിച്ച് അനുഗ്രഹീതരാകാം.

# <u>വിശുദ്ധ വില്ല്യമിനോടുള്ള നൊവേന</u>

**പുരോ :** പിതാവിന്റെയും പുത്രന്റെയും പരിശു ദ്ധാത്മാവിന്റെയും നാമത്തിൽ

**സമൂ** : ആമ്മേൻ

**പുരോ :** അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി

**സമൂ** : ആമ്മേൻ

**പുരോ :** ഭൂമിയിൽ മനുഷ്യർക്ക് സമാധാനവും പ്രത്യാശയും എപ്പോഴും എന്നേയ്ക്കും

**സമൂ** : ആമ്മേൻ

**പുരോ :** സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, **(സമൂഹവും ചേർന്ന്)** അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ.അങ്ങയുടെ തിരുമനസ്സ് സ്വർഗ്ഗത്തിലേപ്പോലെ ഭൂമിയിലു മാകണമേ. ഞങ്ങൾക്ക് ആവശ്യമായ ആഹാരം ഇന്നു ഞങ്ങൾക്ക് തരണമേ. ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോട് ക്ഷമിക്കണമെ.

ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ, ദുഷ്ടാരൂപിയിൽ നിന്നും ഞങ്ങളെ രക്ഷിക്കണമേ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും അങ്ങയുടേതാകുന്നു.

ആമ്മേൻ.

## ഗാനം
## (രീതി: നിത്യസഹായമാതേ...)

യോർക്കിലെ വില്ല്യമിനെ
അത്ഭുത സിദ്ധി നൽകി
ആദരിച്ച ദൈവമേ
വാഴ്ത്തുന്നു നിന്നെ ഞങ്ങൾ

വില്ല്യമിൻ മാദ്ധ്യസ്ഥതയാൽ
പ്രാർത്ഥിക്കും ദാസർക്കായ് നീ
ദാനങ്ങൾ വർഷിച്ചാലും
സർവ്വേശാ ഈശോനാഥാ... (യോർക്കിലെ)

**പുരോ** :സ്നേഹ പിതാവായ ദൈവമേ ഞങ്ങൾ അങ്ങയെ ആരാധിക്കുന്നു. അങ്ങേക്ക് പ്രിയങ്കരനും, യോർക്കിനെ ധീരത യോടെ നയിച്ചവനുമായ വി. വില്ല്യ മിനെ ഞങ്ങൾക്ക് പ്രത്യേക മധ്യ സ്ഥനായി നൽകിയതിന് ഞങ്ങൾ നന്ദി പറയുന്നു. സഹനത്തിന്റെയും സ്നേഹത്തിന്റെയും പാതയിലൂടെ ചരിക്കുകയും അജഗണത്തിനായി സ്വജീവൻ പോലും സമർപ്പിക്കുകയും ചെയ്ത വി. വില്ല്യമിനെ അനുകരിച്ച് വിശുദ്ധ ജീവിതം നയിക്കുവാൻ ഞങ്ങ ളെയും അനുഗ്രഹിക്കണമേ.വിശുദ്ധന്റെ മധ്യസ്ഥംവഴി ഞങ്ങൾ അർപ്പിക്കുന്ന എല്ലാ പ്രാർത്ഥനകളും സ്വീകരിച്ച് ഞങ്ങളെ ആശ്വസിപ്പിക്കണമേ. സകല ത്തിന്റെയും നാഥാ എന്നേയ്ക്കും.

**സമൂ** :ആമ്മേൻ

# <u>മദ്ധ്യസ്ഥ പ്രാർത്ഥന</u>

**പുരോ:** ഈശോയുടെ വിശ്വസ്ത ദാസനും **(സമൂഹവും ചേർന്ന്)**ഞങ്ങളുടെ ഇടവകയുടെ/ സ്വർഗ്ഗീയ മദ്ധ്യസ്ഥനുമായ / വി. വില്ല്യമേ / ഞങ്ങൾ അങ്ങയെ വണങ്ങുന്നു/അങ്ങയിലൂടെ/ ഞങ്ങൾക്കും ഈ ദേശത്തിനും ലഭിച്ചിട്ടുള്ള/ എല്ലാ അനുഗ്രഹങ്ങൾക്കും/ ദൈവത്തിന് കൃതജ്ഞത അർപ്പിക്കുന്നു. ഈശോയുടെ തിരുഹൃദയം വഴിയായി/ഞങ്ങളെ ദയയോടെ നോക്കണമെന്ന്/ അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു. വിശ്വാസ ജീവിതത്തിൽ/ ഞങ്ങൾക്കുണ്ടാകുന്ന പ്രതിസന്ധികളെ/ ധീരതയോടെ നേരിടുവാൻ/അങ്ങേ മാദ്ധ്യസ്ഥ ശക്തി/ ഞങ്ങൾക്ക് പ്രേരണയരുളട്ടെ. വിശുദ്ധ കുർബ്ബാനയെ/ ആഴമായി സ്നേഹിച്ച/ അങ്ങയെപ്പോലെ/ വിശുദ്ധ കുർബ്ബാന കേന്ദ്രീകൃതമായ/ ഒരു ജീവിതം നയിക്കുവാൻ/ ഞങ്ങളെ ശക്തരാക്കണമെ. ജീവിത കാലം മുഴുവൻ / ഞങ്ങൾ അങ്ങയോട് / നന്ദി ഉള്ളവരായിരിക്കും. സ്വർഗ്ഗത്തിൽ

അങ്ങയോടൊപ്പം / ദൈവത്തെ സ്തുതിക്കുവാൻ / ഞങ്ങളെയും ഇടയാക്കണമെന്ന് / അപേക്ഷിക്കുന്നു.

ആമേൻ.

## <u>കാറോസൂസ</u>

**പുരോ:** നമുക്കെല്ലാവർക്കും വിശ്വാസത്തോടും പ്രതീക്ഷയോടുംകൂടെ വി.വില്ല്യമേ ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കണമേ എന്ന് അപേക്ഷിക്കാം.

**സമൂ** : വിശുദ്ധ വില്ല്യമേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

**പുരോ:** അങ്ങേ മാദ്ധ്യസ്ഥം വഴി ഞങ്ങൾ എല്ലാവരും ക്രൈസ്തവ വിശ്വാസത്തിൽ ആഴപ്പെടുവാൻ.

**സമൂ** : വിശുദ്ധ വില്ല്യമേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

**പുരോ:** പരിശുദ്ധ ത്രിത്വത്തെ മാതൃകയാക്കി സ്നേഹത്തിലും കൂട്ടായ്മയിലും ഞങ്ങൾ വളരുവാൻ.

**സമൂ:** വിശുദ്ധ വില്ല്യമേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

**പുരോ:** അസൂയ, വെറുപ്പ്, വിദ്വേഷം, പരദൂഷണം മുതലായ തിന്മകൾ ഞങ്ങളുടെ ഹൃദയങ്ങളിൽ നിന്ന് അകറ്റുവാൻ

**സമൂ:** വിശുദ്ധ വില്ല്യമേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

**പുരോ:** എല്ലാവിധ ശാരീരിക മാനസിക രോഗങ്ങളിൽ നിന്ന് ഞങ്ങളും ഈ ദേശവാസികളും രക്ഷപ്പെടുവാൻ.

**സമൂ:** വിശുദ്ധ വില്ല്യമേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

**പുരോ:** ദൈവം ഞങ്ങളെ ഭരമേൽപ്പിച്ചിരിക്കുന്ന ജീവിത കർത്തവ്യങ്ങൾ കൃത്യമായി നിർവ്വഹിക്കുവാൻ

**സമൂ:** വിശുദ്ധ വില്ല്യമേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

**പുരോ:** വന്യമൃഗങ്ങളുടെ ഉപദ്രവങ്ങളിൽ നിന്നും, പ്രതികൂല കാലാവസ്ഥയിൽ നിന്നും

ഞങ്ങളും കാർഷിക മേഖലയും സംരക്ഷിക്കപ്പെടുവാൻ

**സമൂ:** വിശുദ്ധ വില്ല്യമേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

**പുരോ:** കുടുംബ സമാധാനവും മനസമാധാനവും ഇല്ലാതെ വലയുന്ന കുടുംബങ്ങളും വ്യക്തികളും യേശുവിൽ സമാധാനം കണ്ടെത്തുവാൻ

**സമൂ:** വിശുദ്ധ വില്ല്യമേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

**പുരോ:** വിശുദ്ധ കുർബ്ബാനയെ ആഴത്തിൽ സ്നേഹിക്കുവാനും, മറ്റുള്ളവർക്കായി സ്വയം ബലിയായി തീരുവാനും.

**സമൂ:** വിശുദ്ധ വില്ല്യമേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

**പുരോ:** ഇടവകയോടുള്ള ഉത്തരവാദിത്വങ്ങളും കടമകളും കൃത്യമായി നിർവ്വഹിച്ച് സഭയുടെ വിശ്വസ്ത പുത്രരാകുവാൻ.

**സമൂ:** വിശുദ്ധ വില്ല്യമേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

**പുരോ:** പൗരോഹിത്യ സന്ന്യാസ ജീവിതാന്തസ്സുകളിലേക്ക് ഞങ്ങളുടെ ഇടവകയിൽ നിന്ന് ധാരാളം ദൈവവിളികൾ ഉണ്ടാകുവാൻ.

**പുരോ:** വീട്, വിവാഹം, തൊഴിൽ തുടങ്ങിയ ആവശ്യങ്ങൾ വിശ്വാസപൂർവ്വം അങ്ങയുടെ മാദ്ധ്യസ്ഥം വഴി അപേക്ഷിക്കുവാൻ.

**സമൂ:** വിശുദ്ധ വില്ല്യമേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

## <u>നമുക്കു പ്രാർത്ഥിക്കാം</u>

**പുരോ:**

യോർക്കിന്റെ വിശുദ്ധനും സഭയുടെ ധീര പുത്രനുമായ വി. വില്ല്യമേ അങ്ങേ സന്നിധിയിൽ അണഞ്ഞിരിക്കുന്ന ഞങ്ങളെ ദയാപൂർവ്വം കടാക്ഷിക്കണമേ. അങ്ങയുടെ മാതൃക പിൻതുടർന്ന് വിശുദ്ധ ജീവിതം നയിക്കുവാൻ ഞങ്ങൾക്കിടയാകട്ടെ.ദൈവം ഞങ്ങളെ ഭരമേൽപ്പിച്ചിരിക്കുന്നവർക്കുവേണ്ടി ജീവിക്കുവാനും, സഹിക്കുവാനും, മരിക്കുവാനുമുള്ള ശക്തി ഈശോയിൽ നിന്ന് ഞങ്ങൾക്ക് വാങ്ങി ത്തരണമെ. യേശു ക്രിസ്തുവിന്റെ അനുയായി

ലോകത്തിൽ അറിയപ്പെടുന്നതിൽ ഞങ്ങൾ അഭിമാനിക്കട്ടെ. ഞങ്ങളുടെ എല്ലാ ആവശ്യ ങ്ങളിലും അങ്ങ് ഞങ്ങൾക്ക് തുണയായിരിക്ക ണമെ.

ആമ്മേൻ.

## <u>നൊവേന പ്രാർത്ഥന</u>

**പുരോ:**

ഞങ്ങളുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. വില്ല്യമേ/**(സമൂഹവും ചേർന്ന്)** അങ്ങയുടെ സന്നിധിയിൽ അണഞ്ഞിരിക്കുന്ന/ എളിയവനായ എന്നെ/ദയാപൂർവ്വം കടാക്ഷിക്കണമെ. അങ്ങയുടെ മാദ്ധ്യസ്ഥം വഴി / എനിക്ക് ലഭി ച്ചിട്ടുള്ള/ എല്ലാ അനുഗ്രഹങ്ങൾക്കും/ ഞാൻ നന്ദി പറയുന്നു. ജീവിതത്തിലെ / വിവിധ പ്രതിസന്ധികളിൽപ്പെട്ട്/ ഉഴലുന്ന എനിക്ക്/ ഉറപ്പുള്ള സങ്കേതമായി/ അങ്ങ് അരികിലുണ്ടാകേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും പ്രത്യേകിച്ച്...... അങ്ങേ സഹായവും ആശ്വാസവും/ എനിക്ക്

നൽകണമേ. ജീവിതകാലം മുഴുവൻ/
അങ്ങയോട് നന്ദിയുള്ളവനായി/ഞാൻ
ജീവിച്ചു കൊള്ളാം. അങ്ങ് എനിക്ക് നൽകിയ/
എല്ലാ സഹായങ്ങൾക്കും പകരമായി/
അങ്ങയോടുള്ള വണക്കം/ ഞാൻ
പ്രചരിപ്പിക്കും. അങ്ങേ നാമത്തിൽ/ ഈശോ
ഞങ്ങൾക്ക് നൽകിയ/ ഈ ദേവാലയം/
കേന്ദ്രമാക്കി ജീവിക്കുവാൻ / ഞാൻ
പ്രയത്നിക്കും. നന്മ ചെയ്തുകൊണ്ട്/ ചുറ്റി
സഞ്ചരിച്ച/ യേശുവിനെപ്പോലെ/ ആയുസ്സ്
മുഴുവൻ/ മറ്റുള്ളവർക്കു നന്മ ചെയ്യാനും/
അങ്ങ് എന്നെ ശക്തനാക്കണമേ.
നിത്യജീവിതത്തിൽ/ അങ്ങയോടും സകല
വിശുദ്ധരോടുമൊപ്പം/പിതാവായ ദൈവത്തെ /
സ്തുതിച്ചാരാധിക്കുവാൻ/ എന്നെ
യോഗ്യനാക്കണമേ.

ആമ്മേൻ.

## സമാപന ഗാനം

**(രീതി: നിത്യ വിശുദ്ധയാം കന്യാമറിയമേ)**

ഈശോതൻ വിശ്വസ്ത ദാസനും ധീരനാം
യോർക്കിലെ പുണ്ണ്യതാതാ
നിൻ പാദം  തേടിയണഞ്ഞീടും ഞങ്ങളെ
കാത്തുരക്ഷിച്ചീടണേ.

ലോകത്തിൻ തിന്മയിൽ വീഴാതെ ഞങ്ങളെ
കാത്തു പാലിക്കണം താതാ
ജീവിതം പൂർണ്ണമായ് യേശുവിലർപ്പിക്കാൻ
മാദ്ധ്യസ്ഥം തേടുന്നു ഞങ്ങൾ എന്നും
മാദ്ധ്യസ്ഥം തേടുന്നു ഞങ്ങൾ

അത്ഭുത സിദ്ധിയാൽ നന്മകൾ വർഷിക്കും
യോർക്കിന്റെ ശ്രേഷ്ടനാം ഇടയാ
നിൻ ദാസർ ഞങ്ങൾക്കായ് യേശുവിൻപക്കൽ നീ
മാദ്ധ്യസ്ഥം ഏകണേ നിത്യം എന്നും
മാദ്ധ്യസ്ഥം ഏകണേ നിത്യം.